ഉത്തരം

(എ) സംസ്ഥാനത്ത് കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്ന ഏകദേശം 40,000 തൊഴിലാളികളുണ്ട്. ഇതിൽ 10,000-ലധികം പേർ തടികൊണ്ടുള്ള കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇവരിൽ ചന്ദനത്തടിയിൽ ശില്പങ്ങൾ തീർത്ത് കരകൗശല വികസന കോർപ്പറേഷന് നൽകുന്നവരും വ്യവസായ വകുപ്പിന്റെ തിരിച്ചറിയൽ കാർഡുള്ളവരുമായ കരകൗശല തൊഴിലാളികൾക്ക് ലഭ്യതയനുസരിച്ച് ചന്ദനത്തടി നൽകി വരുന്നുണ്ട്.

(ബി) കുമ്പിൾത്തടിക്ക് ചന്ദനത്തടിയേക്കാൾ വില കുറവായതു കൊണ്ടാണ് കുമ്പിൾ തടിയിൽ തീർത്ത ശില്പങ്ങൾക്ക് കുറഞ്ഞ വില ലഭിക്കുന്നത്. കോർപ്പറേഷന് ശില്പങ്ങൾ നൽകുന്ന അംഗീകൃത ശില്പികൾക്ക് കോർപ്പറേഷൻ ഇപ്പോൾ തന്നെ ലഭ്യതയനുസരിച്ച് ചന്ദനത്തടി നൽകിവരുന്നുണ്ട്.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിക്കുന്നതിന് നടപടി

28 (182) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലകളിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത് ;

(സി) സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത ജില്ലകളിൽ അവ രൂപീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ജെ. ജെ. ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) സമിതികൾ രൂപീകരിക്കുന്നതിനുവേണ്ടി ലഭിച്ച പാനലുകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ ചില അപാകതകൾ കണ്ടെത്തിയതിനാലാണ് അവയുടെ രൂപീകരണം വൈകുന്നത്. അപാകതകൾ പരിഹരിച്ചു ബാക്കിയുള്ള ജില്ലകളിൽ കൂടി സമിതികൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly